(ജി) പ്രസ്തുത ഭൂമികളിൽ കുടുംബസഹിതം താമസിക്കുന്നവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ൧൭൯ ഏക്കർ ൫൫൦൭ സെൻറ്.

(ബി)

	ഏക്കർ	സെൻറ്
ദേവികുളം	൧൦,൩൭൫.	൭൫൦൭.
പീരുമേട്	൭,൫൩൪.	൬൦൦൦.

(സി) ൧൦,൩൭൪ ഏക്കർ ൪൦ സെൻറ് ൫൦ കൊല്ലത്തേക്കും, ൭,൩൩൩ ഏക്കർ ൧൫൦൭ സെൻറ് ൧൫ കൊല്ലത്തേക്കും.

(ഡി) ദേവികുളത്ത്, ൫,൩൦ ൧ പേക്ക്.
പീരുമേട്ടിൽ, ൩൬൦ പേക്ക്.

(ഇ) സ്കെച്ചും, മഹസറും തയ്യാറായി കഴിഞ്ഞ പാട്ടം നിശ്ചയിക്കുകയുള്ളൂ. അവ തയ്യാറാക്കി കൊണ്ടിരിക്കുന്നു.

(എഫ്) — ടി —.

(ജി) ഇപ്പോൾ പറയാൻ നിവർത്തിയില്ല.

Questions posted for answer on 15th March 1950

GOVERNMENT SERVANTS CONFIRMED IN COCHIN

254. [1] Sri. K. P. Nilakanta Pillai:

Will the Hon'ble Chief Minister be pleased to lay on the table a list of Government Servants confirmed as well as appointed permanent in Cochin Service of the United State from the first of January 1949 together with respective dates on which they entered service?

Sri. T. K. Narayana Pillai:

The time and labour involved in collecting the statistics will not be commensurate with its possible utility especially in view of the impending re-organisation and consequent retrenchment of staff.

വില്ലേജ് യൂണിയൻ

൨൪൫. (൧൪) ശ്രീ. കെ.കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സഭയും മറുപടി പറയുമൊ.—

(എ) കാഞ്ഞിരപ്പള്ളി താലൂക്കിൽ കീരിക്കാട്ട് കണ്ടല്ലൂർ വില്ലേജ് യൂണിയൻ അതിന്റെ ആവിർഭാവത്തിനുശേഷം എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പറയുമൊ;

(ബി) ടി യൂണിയനിൽ ഇപ്പോൾ എത്ര മെമ്പറന്മാർ ഉണ്ടെന്നും അതിൽ അനുദ്യോഗസ്ഥമെമ്പറന്മാർ എത്രയെന്നും പറയുമൊ;

(സി) ടി യൂണിയന്റെ പ്രവർത്തനത്തിനു സർക്കാരിൽനിന്നു ലഭിക്കേണ്ട സഹായസഹകരണങ്ങളും യഥാവസരം ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ;

(ഡി) ടി വില്ലേജ് യൂണിയന്റെ ൧൯൫൭-ലെ ബഡ്ജറ്റ് ഡിപ്പാർട്ടുമെണ്ടിൽനിന്നും പാസ്സാക്കി അയക്കുന്നതിനു എത്രകാലതാമസം നേരിട്ടുവെന്നു പറയുമൊ; അപ്രകാരമുള്ള താമസം യൂണിയന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചു എന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) യൂണിയന്റെ ആവശ്യത്തിലേക്ക് വേണ്ട മരസാമാനങ്ങളും കരപിരിവിനു വേണ്ട പുസ്തകങ്ങളും വാങ്ങിച്ചു. ൧൯൫൭-ൽ നടപ്പ് ശ്രീപാദം ചക്രം പ്രകാരം ഇനത്തിൽ പിരിവു നടത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ ൧൧ മെമ്പറന്മാർ ഉണ്ട്. അതിൽ ൬ പേർ അനുദ്യോഗസ്ഥന്മാരാണ്.

(സി) അറിയാൻ പാടില്ല.

(ഡി) ഏകദേശം ൬ മാസം വേണ്ടിവന്നു. ഈ താമസം യൂണിയന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly